## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.176 | 04.11.2019- ൽ മറുപടിക്ക്

# പ്രളയാനന്തര പുനർനിർമ്മാണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.എ.പി. അനിൽ കുമാർ<br>,, വി.ഡി.സതീശൻ<br>,, അൻവർ സാദത്ത്<br>,, അനിൽ അക്കര | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) പ്രളയാനന്തര പുനർനിർമ്മാണ പദ്ധതികൾക്ക് വേണ്ടത്ര വേഗം ഇല്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പ്രളയാനന്തര പുനർനിർമ്മാണ പദ്ധതികൾക്ക് വേണ്ടത്ര വേഗം ഇല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br>പ്രളയാനന്തരം അടിയന്തര ദുരിതാശ്വാസ, പുനരധിവാസ പ്രവർത്തനങ്ങളെത്തുടർന്ന് കഴിഞ്ഞ സാമ്പത്തികവർഷത്തെ പദ്ധതി പുനക്രമീകരിച്ച് വിവിധ വകുപ്പുകൾ അടിയന്തര പുനർനിർമാണ പദ്ധതികൾ ഏറ്റെടുത്തു. അതിജീവനക്ഷമതയുള്ളതും നിലവാരം പുലർത്തുന്നതുമായ ബൃഹത്തായ പുനർനിർമാണ പദ്ധതികളാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്നത്.<br>കേരളം അഭിമുഖീകരിച്ച പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ജനങ്ങൾക്ക് മെച്ചപ്പെട്ട ജീവിതനിലവാരം ഉറപ്പാക്കുക, പ്രവർത്തനങ്ങളിലെ കാര്യക്ഷമതയിലുള്ള പോരായ്മകൾ പരിഹരിച്ച് കൂടുതൽ പ്രവർത്തനക്ഷമമായ കേരളം സൃഷ്ടിക്കുക, പ്രകൃതിദുരന്തത്തിൽ നാശനഷ്ടം നേരിട്ട ആസ്തികൾ ഭാവിയിലുണ്ടാകാനിടയുള്ള ദുരന്തങ്ങൾ അതിജീവിക്കുന്നവിധത്തിലുള്ള സാങ്കേതിക |

വിദ്യകളിലൂന്നിയും പാരിസ്ഥിതികസൗഹാർദ്ദ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടും സമയബന്ധിതമായി പുനർനിർമ്മിക്കുകയോ പുനരുദ്ധരിക്കുകയോ ചെയ്യുക എന്നിങ്ങനെ വിശാലമായ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് കേരള പുനർനിർമ്മാണ പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്.

വിശദമായ പദ്ധതിരേഖയും നിർവ്വഹണ സമയക്രമവും നിശ്ചയിച്ച് സമയബന്ധിതവും കാര്യക്ഷമവുമായ നിർവഹണം ഉറപ്പാക്കുവാൻ സാധിക്കുന്ന ഏജൻസികളുടെയും വിദഗ്ദ്ധ കൺസൽട്ടന്റുകളുടെയും സേവനം ഇതിനായി ഉപയോഗപ്പെടുത്തുന്നു. ഇത്തരം പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും 09/11/2018, 23/05/2019-കളിലെ സർക്കാർ ഉത്തരവുകൾ മുഖേന ഒരു ത്രിതല ഭരണ സംവിധാനവും സമഗ്രമായ വികസന നയരേഖയും യഥാക്രമം സാധ്യമാക്കിയിട്ടുണ്ട്. നടപ്പാക്കുന്ന പദ്ധതികളിന്മേലുള്ള ഉന്നതാധികാര സമിതിയുടെ കാലാകാലങ്ങളിലുള്ള കൃത്യമായ വിലയിരുത്തലുകളും ഉപദേശക സമിതിയുടെ നിർദ്ദേശങ്ങളും നിർവഹണ സമിതിയുടെയും ആർ.കെ.ഐയുടെയും സമയോചിതമായ ഇടപെടലുകളും പുനർനിർമ്മാണ പ്രവർത്തനങ്ങൾ കാര്യക്ഷമവും സമയബന്ധിതവുമാക്കാൻ സഹായിക്കുന്നു. വിമർശനങ്ങൾക്കതീതമായ പ്രവർത്തനങ്ങളാണ് പുനർനിർമ്മാണ പ്രക്രിയയിൽ നടപ്പാക്കാൻ ശ്രമിച്ചുവരുന്നത്.

| | | | |
|---|---|---|---|
| (ബി) | 2018-ലെ പ്രളയത്തിൽ തകർന്ന വീട്ടുകൾ പുനർനിർമ്മിക്കുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കുവാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വെളിപ്പെടുത്താമോ; | (ബി) | പ്രളയത്തിൽ തകർന്ന വീട്ടുകൾ പുനർനിർമ്മിക്കുന്നതിന് സമയബന്ധിതമായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>റവന്യൂ വകുപ്പിന്റെ 31/10/2019 വരെയുള്ള കണക്ക് പ്രകാരം, തകർന്ന 17411 വീട്ടുകളിൽ 8820 വീട്ടുകളുടെ നിർമാണം പൂർത്തിയായിട്ടുണ്ട്. സർക്കാർ സഹായത്തോടെ ഉടമകൾ സ്വന്തമായി നിർമിച്ചതും കെയർ ഹോം പദ്ധതി, സ്പോൺസർമാർ എന്നിവ മുഖേന നിർമിച്ചു നൽകിയതും ഇതിൽ ഉൾപ്പെടുന്നു.<br>15% മുതൽ 100% വരെ തകർച്ച നേരിട്ടതായി 4,28,512 കുടുംബങ്ങൾ ക്ലെയിമും അപ്പീലും സമർപ്പിച്ചിരുന്നു. ഇവയിൽ 4,12,853 കുടുംബങ്ങൾക്ക് ദുരിതാശ്വാസ സഹായം നല്കി തീർപ്പാക്കി.<br>1153 കുടുംബങ്ങൾ വിവിധ കാരണങ്ങളാൽ വീട്ടുകളുടെ പുനർനിർമ്മാണം ആരംഭിച്ചിട്ടില്ല. മറ്റുള്ളവ നിർമാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. |
| (സി) | മഹാപ്രളയത്തിന് ശേഷം 2019 ആഗസ്റ്റിലും ഒക്ടോബറിലും സംസ്ഥാനത്തുണ്ടായ കനത്ത മഴ പ്രളയാനന്തര പുനർനിർമ്മാണ പദ്ധതികളെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | റോഡുകളുടെ പുനർനിർമ്മാണ പ്രവർത്തനങ്ങളെ തുടർച്ചയായ മഴ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. |
| (ഡി) | തുടരെ ഉണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങൾ സംസ്ഥാനത്തിന്റെ സാമ്പത്തിക ഭദ്രതയെത്തന്നെ തകിടം മറിക്കുന്ന സാഹചര്യമുണ്ടായിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | തുടരെ ഉണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങൾ സംസ്ഥാനത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് കനത്ത വെല്ലുവിളി ഉയർത്തുന്നുണ്ട്. പ്രളയങ്ങളെത്തുടർന്നുള്ള പുനർനിർമാണം വൻസാമ്പത്തിക മുതൽമുടക്ക് വേണ്ടതാണ്. 2018 ലും 2019 ലും ഉണ്ടായ മഴക്കെടുതിയും വെള്ളപ്പൊക്കവും വീട്ടുകൾക്കും പൊതു അടിസ്ഥാന സൗകര്യങ്ങൾക്കും കാർഷിക വിളകൾ, |

| | | | |
|---|---|---|---|
| | | | കന്നുകാലികൾ, ഉപജീവന മാർഗങ്ങൾ, കച്ചവടം, ആവാസ വ്യവസ്ഥ, ജൈവവൈവിധ്യം മുതലായവയ്ക്കും വലിയ നാശനഷ്ടങ്ങൾ ഉണ്ടാക്കി. പ്രളയദുരന്തം സംസ്ഥാന സമ്പദ്ഘടനയിൽ ഉണ്ടാക്കിയ ആഘാതം നികുതി, നികുതിയേതര വരുമാനം വർധിപ്പിക്കാൻ സർക്കാർ കൈക്കൊണ്ട നടപടികളെ ബാധിക്കാൻ ഇടയുണ്ട്. പ്രളയാനന്തര പുനർനിർമാണത്തിന് പണം കണ്ടെത്തുന്നതിന് വായ്പാപരിധി ഉയർത്തുന്നതിനുമുള്ള ആവശ്യത്തിൻമേൽ കേന്ദ്രസർക്കാരിൽനിന്നുള്ള തീരുമാനം ഇതുവരെ ലഭിച്ചിട്ടില്ല.<br>പ്രളയത്തെത്തുടർന്ന് 2018-19 വർഷത്തെ വാർഷിക പദ്ധതി പുനക്രമീകരിച്ചു കൂടിയായിരുന്നു അടിയന്തര പുനർനിർമാണ പ്രവർത്തനങ്ങൾക്കായി തുക വകയിരുത്തിയത്. |

സെക്ഷൻ ഓഫീസർ